# രക്ഷയുടെ ഉറപ്പിലും പ്രത്യാശയിലും ആയിരിക്കുക

**2 രാജാക്കന്മാർ 5:11**

''അപ്പോൾ നയമാൻ ഏറ്റവും ക്രൂദ്ധിച്ചു പുറപ്പെട്ടു. അവൻ തന്നേ പുറത്തു വന്നു അടുത്തു നിന്നും തന്റെ ദൈവമായ യഹോവയുടെ നാമത്തെ വിളിച്ചു പ്രാർത്ഥിച്ചു തന്റെ കൈ ആ സ്ഥലത്തിനു മീതെ ആട്ടി ഇങ്ങനെ കുഷ്ഠരോഗിയെ സൗഖ്യമാക്കും എന്നു ഞാൻ വിചാരിച്ചു.''

വേദപുസ്തകത്തിലെ വളരെ സുപരിചിതനായ ഒരു വ്യക്തി ആകുന്നുവല്ലോ നയമാൻ. അരാംരാജാവിന്റെ സേനാധിപതിയായ നയമാൻ മഹാമാന്യനും പരാക്രമ ശാലിയും ആയിരുന്നുവെന്ന് വചനം നമ്മെ പരിചയപ്പെടുത്തുന്നു. എന്നാൽ അവൻ ഒരു കുഷ്ഠരോഗിയും ആയിരുന്നു (2 രാജാ.5:1). ജീവിതത്തിൽ വേണ്ടതായ സകല ബഹുമതി കളുടെയും, മാന്യതയുടെയും, കഴിവുകളുടെയും ഒക്കെ മധ്യത്തിൽ അവൻ ആയിരുന്നു വെങ്കിലും, ഒരു ബലഹീനത അവനെ അലട്ടിയിരുന്നു. പഴയനിയമത്തിൽ പാപത്തിന്റെ പ്രതീകമായി കുഷ്ഠരോഗത്തെ നാം കാണുന്നു. ശരീരത്തിലെ കൈകാലുകളുടെ സ്പർശന ശക്തി നശിപ്പിച്ചു കളയുന്ന രോഗത്തിൽ നിന്ന് നയമാന് ഒരു മോചനം ഏറ്റം ആവശ്യ മായിരുന്നു.

നയമാന്റെ രോഗത്തിനുള്ള പ്രതിവിധിയും എപ്രകാരം ലഭിച്ചുവെന്ന് നമുക്ക് അറിയാവുന്നതാണ്. ഒരു ബാല്യക്കാരത്തിയിൽ നിന്ന് അതിനുള്ള മാർഗ്ഗം ലഭിക്കുകയും അപ്രകാരം പ്രവാചകനെ കാണാൻ അവൻ പുറപ്പെടുകയും ചെയ്തു. തന്റെ പ്രതീക്ഷകൾക്കും ചിന്തകൾക്കും ഒക്കെ വിപരീതമായിരുന്നു രോഗസൗഖ്യത്തിനായി പ്രവാചകന്റെ പരിഹാരമാർഗ്ഗം. ''യോർദ്ദാന്റെ നദിയിൽ ചെന്ന് ഏഴുപ്രാവശ്യം കുളിക്ക'' (2 രാജാ.5:10) പ്രതിവിധി കേട്ട നയമാന്റെ പ്രതികരണമാണ് നാം കുറിവാക്യമായി വായിച്ചത്.

യോർദ്ദാൻ നദിയിൽ ചെന്ന് കുളിക്കാൻ നിർദ്ദേശം ലഭിക്കുന്ന നയമാൻ ക്രുദ്ധിച്ചു പുറപ്പെട്ടു എന്നാണ് ബൈബിളിൽ വായിക്കുന്നത്. കാരണം വളരെ നിസ്സാരമായ ഒരു മാർഗ്ഗം. പ്രവാചകൻ തന്നെ വന്ന് ദൈവത്തോട് നേരിട്ട് പറഞ്ഞ് തന്റെ രോഗത്തെ സൗഖ്യമാക്കും എന്നു നയമാൻ വിചാരിച്ചു. പ്രവാചകനൊട്ടു വന്നുമില്ല, അവൻ ആളയച്ചു വിവരം പറഞ്ഞു എന്നു നാം കാണുന്നു. പിന്നീട് തന്റെ സൗഖ്യത്തിനായി, യോർദ്ദാനിലും മേത്തരമായ രണ്ട് നദികൾ ദമസ്ക്കൊസിലുണ്ടെന്നും അതിൽ പോയി കുളിച്ചു ശുദ്ധമാകും എന്നും അവൻ തന്നെ തീരുമാനിക്കുന്നു.

അതേ പ്രിയരേ, നയമാന് ജീവിതത്തിലെ ഏറ്റവും അത്യന്താപേക്ഷിതമായ ഒരു കാര്യം ആയിരുന്നു കുഷ്ഠം സൗഖ്യമാകുക എന്നത്. പരിഹാരമാർഗ്ഗം എങ്ങനെ എന്നു പരിശോധിക്കുന്നതിലുപരി അത് ഏറ്റെടുക്കുക എന്നതാണ് ഇവിടെ പ്രാധാന്യം.

ദൈവത്തിന്റെ അത്ഭുതകരമായ രക്ഷാപദ്ധതിയെ ഇന്നു നിരസിക്കുന്ന ഓരോ ജീവിതങ്ങളുടെയും ചിത്രമാണ് ഇത് കാണിക്കുന്നത്. വളരെ ലളിതമായ പ്രക്രിയയിലൂടെ അവൻ നമുക്ക് ആ രക്ഷ സാദ്ധ്യമാക്കി തരാൻ സന്നദ്ധനായി നിൽക്കുന്നു. തന്റെ അരുമ പുത്രനായ ക്രിസ്തുയേശുവിനെ വിശ്വാസത്താൽ ഏറ്റെടുക്കുക എന്ന ഒരു അനുഭവത്തിലൂടെ, പാപമാകുന്ന കുഷ്ഠത്തിൽ നിന്നു മനുഷ്യൻ മോചിതനാകുന്നു എന്ന സത്യം ഇന്ന് മനുഷ്യൻ മനസ്സിലാക്കാതെ പോകുന്നു. നയമാനെപ്പോലെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നാം മഹാനോ, മാന്യനോ, പരാക്രമശാലിയോ ഒക്കെ ആകാം. എന്നാൽ പാപത്തിൽ നിന്നുള്ള പൂർണ്ണരക്ഷ ക്രിസ്തുവിലൂടെ തന്നെ ഏറ്റെടുക്കണം. ഉറപ്പാക്കണം.

മുമ്പിൽ ലഭിക്കുന്ന അവസരങ്ങളെ നോക്കി, നയമാനെപ്പോലെ നാമും പല മുൻവിധികളും ഉന്നയിച്ചവരല്ലേ. അതേ! അതിന്റെ ആവശ്യം ഇല്ല എന്നു പറഞ്ഞ് മറ്റു പല മാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ട് ഓടിയല്ലോ. സൗജന്യമായി, അപ്പൻ നൽകിതന്ന ആത്മരക്ഷയുടെ വിലയെ നമുക്ക് ഏറ്റെടുക്കാം. കുളിച്ചു കഴിഞ്ഞ് വീണ്ടും ചെളിയിൽ ഉരുണ്ടുകളിക്കുന്ന ഒരു പന്നിയെപ്പോലെ, ലഭിച്ച പാപമോചനവിടുതലും നഷ്ടമാക്കാതെ കർത്തൃകരങ്ങളിൽ കൊടുക്കാം. രക്ഷയുടെ ഉറപ്പിലും സ്ഥിരതയിലും പ്രത്യാശയിലും ആയിരിക്കുക എന്നതാണ് പ്രാധാന്യം.

യേശുകർത്താവ് ദിനംതോറും അതിനായി നമുക്ക് പാപബോധവും അതിനുള്ള അവസരങ്ങളും തരുമ്പോൾ നിരസിക്കാതെ അവന്റെ മാർഗ്ഗത്തിനായി വിട്ടുകൊടുക്കാം. സ്വന്ത ബുദ്ധിയോ, ആലോചനകളോ, ഉപാധികളോ ജീവിതത്തെ നിയന്ത്രിക്കുവാൻ ഇടയാകാതെ കർത്താവിന്റെ പരിജ്ഞാനവും ആലോചനയും നമ്മെ നടത്തുമാറാകട്ടെ. യോർദ്ദാനിലെ വെള്ളത്താൽ നയമാൻ ശുദ്ധിയായതുപോലെ കർത്താവിന്റെ രക്തത്താൽ നാമും ശുദ്ധരായിത്തീരുന്ന ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. എന്നാൽ ദിനംതോറും ദൈവവചനമാകുന്ന വെള്ളത്തിൽ വീണ്ടും വീണ്ടും കഴുകി അവന്റെ സന്നിധിയിൽ അന്ത്യത്തോളം നിലനിർത്താൻ നമുക്കു പ്രാർത്ഥിക്കാം.

പരാമർശം:

1 കൊരിന്ത്യർ 6:11

നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 125